## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം -ശ്രീ. എ. പുരുഷോത്തമൻ, മുൻ സെക്രട്ടറി, കരുങ്കുളം ഗ്രാമപഞ്ചായത്ത് - ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

# തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 3125/12/തസ്വഭവ തീയതി, തിരുവനന്തപുരം, 12/11/2012

==================================================================================

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 19/06/2009-ലെ ഇ8-9817/09 നമ്പർ ഉത്തരവ്.

2) ശ്രീ. എ. പുരുഷോത്തമൻ സമർപ്പിച്ച 08/06/2012-ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 23/08/2012-ലെ ഇ1-9817/09 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കരുങ്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ. പുരുഷോത്തമന് 30/04/2009 പ്രാബല്യത്തിൽ സ്വയം വിരമിക്കുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അനുമതി നൽകി ഉത്തരവായിരുന്നു. ടിയാൻ സ്വയം വിരമിക്കുന്നതിന് മുമ്പ് കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ 20/06/2008 മുതൽ 23/09/2008 വരെ ശൂന്യവേതനാവധിയിലാ യിരുന്നുവെന്നും പ്രസ്തുത അവധിയ്ക്ക് ശേഷം 11/11/2008-ൽ മാത്രമാണ് തിരികെ സേവനത്തിൽ പ്രവേശിച്ചതെന്നും എന്നാൽ 20/06/2008 മുതൽ 23/09/2008 വരെയുള്ള അവധി അപേക്ഷ മാത്രമേ ടിയാൻ സമർപ്പിച്ചിരുന്നുള്ളൂ എന്നും 12/11/2008 മുതൽ സ്വയം വിരമിച്ച 30/04/2009 വരെയും ടിയാൻ അവധിയിലായിരുന്നു എന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. എ. പുരുഷോത്തമന്റെ ശൂന്യവേതനാവധി ക്രമീകരിക്കുന്നതിനുള്ള അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വയം വിരമിച്ച കരുങ്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. പുരുഷോത്തമൻ സമർപ്പിച്ച അവധി അപേക്ഷ പ്രകാരം 20/06/2008 മുതൽ 10/11/2008 വരെയും, 12/11/2008 മുതൽ 30/04/2009 വരെയും കെ. എസ്. ആർ ഭാഗം I, ചട്ടം 88 പ്രകാരം, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി തുടങ്ങിയവയ്ക്ക് കണക്കാക്കുകയില്ലെന്ന നിബന്ധനയ്ക്ക് വിധേയമായി, ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ. പി. ശ്രീകുമാർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. എ. പുരുഷോത്തമൻ, മുൻ സെക്രട്ടറി, കരുങ്കുളം ഗ്രാമപഞ്ചായത്ത്,
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം/തൃശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ.
ധനകാര്യ വകുപ്പ് (11/10/2012-ലെ 83222/റൂൾസ്-സി2/12ധന. നമ്പർ അനൗദ്യോഗിക കുറിപ്പ്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*